ഉത്തരം

(എ) ഈ സർക്കാർ ഇതുവരെ വാട്ടർ അതോറിറ്റിയിൽ പി.എസ്.എസി വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. അസിസ്റ്റന്റ് എഞ്ചിനീയർ-101
2. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I-32
3. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II-135
4. സർവെയ്യർ-9
5. മീറ്റർ റീഡർ-17
6. ഓപ്പറേറ്റർ-873
7. ഫിറ്റർ-3
8. പ്ളംബർ-82
9. ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ-3
10. എൽ.ഡി.സി.-237
11. പ്യൂൺ/വാച്ച്മാൻ-150
12. എൽഡിറ്റി-74
13. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I-8
14. അൺസ്കിൽഡ് വർക്കർ-98
15. വർക്കർ-17

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഒരു മാനദണ്ഡവുമില്ലാതെ താൽക്കാലിക അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(സി & ഡി) ബാധകമല്ല

ഓട്ടോ-ടാക്സി ഫെയർമീറ്റർ കാലിബ്രേറ്റ് ചെയ്യുന്ന നടപടി

161 (1889) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ വിലവർദ്ധനവിന്റെ ഫലമായി ഓട്ടോ-ടാക്സി കൂലി വർദ്ധിപ്പിച്ചതനുസരിച്ച് ഫെയർമീറ്റർ കാലിബ്രേറ്റ് ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതുകാരണം ഒരു മാനദണ്ഡവുമില്ലാതെ യാത്രക്കാരിൽനിന്നും കൂടുതൽ കൂലി വസൂലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കാലയളവിനുള്ളിൽ ഓട്ടോറിക്ഷയുടെയും ടാക്സിയുടെയും ഫെയർമീറ്റർ കാലിബ്രേറ്റുചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(ഡി) രാത്രി 10 മണി മുതൽ രാവിലെ 6 മണിവരെ ഓട്ടോറിക്ഷയ്ക്ക് നൽകേണ്ട യാത്രാക്കൂലിയുടെ താരിഫ് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എത്രയും വേഗം ചെയ്യുന്നതാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ ഠൗണുകളിലും രാത്രി 10 മണിക്കും പുലർച്ചെ 5 മണിക്കും ഇടയ്ക്കുള്ള സമയത്ത് മീറ്റർ ചാർജിന്റെ 50% അധികം നൽകേണ്ടതാണ്. മറ്റ് സ്ഥലങ്ങളിൽ പോക്കും വരവും ഉണ്ടെങ്കിൽ മീറ്റർ ചാർജ് മാത്രവും പോക്ക് മാത്രമാണെങ്കിൽ മീറ്റർ ചാർജിൽനിന്നും 12 രൂപ (മിനിമം ചാർജ്) കുറച്ച് ബാക്കി തുകയുടെ 50% അധികം നൽകേണ്ടതാണ്.

മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോ ആയി ഉയർത്തുവാൻ നടപടി

162 (1890) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോ ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ;

(ബി) ഇക്കാര്യം ഉന്നയിച്ച് ആരെങ്കിലും നിവേദനം നൽകിയിരുന്നോ ; എങ്കിൽ ആരൊക്കെ ; ഏതൊക്കെ തീയതികളിൽ ;

(സി) 2001-ൽ സെന്റർ ആരംഭിച്ചതുമുതൽ ഇവിടെ എ.ടി.ഒ.യെ പോസ്റ്റു ചെയ്തിരുന്നോ ; അന്നുമുതൽ ഇത് ഓപ്പറേറ്റിംഗ് സെന്റർ ആയിരുന്നില്ലേ ;

(ഡി) സബ്ഡിപ്പോ ആക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഏതൊക്കെ തസ്തികകൾ പുതുതായി ഉണ്ടാകും ; എത്ര പുതിയ ബസ്സുകൾ ലഭിക്കും ; മറ്റ് എന്തുക്രമീകരണങ്ങൾ ഉണ്ടാകും ;

(ഇ) നിലവിലുള്ള 32 ഷെഡ്യൂളുകളിൽ ബ്രേക്ക്ഡൗൺ കാരണം ദിവസവും ശരാശരി 4 ഷെഡ്യൂളുകളെങ്കിലും റദ്ദാക്കപ്പെടുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ കൂടുതൽ ബസ്സുകൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly